**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1423** **01-02-2024 - ൽ മറുപടിയ്ക്ക്**

**വിവിധ പദ്ധതികൾക്കായി കേന്ദ്ര സർക്കാർ അനുവദിച്ച തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വിവിധ പദ്ധതികൾക്കായി കേന്ദ്ര സർക്കാർ അനുവദിച്ച തുക, അതിൽ നിന്നും ചെലവഴിച്ച തുക, പദ്ധതികൾ എന്നിവയുടെ വിശദാംശം ലഭ്യമാക്കാമോ? | (എ) | **പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളായ സ്കൂൾ ഉച്ചഭക്ഷണ പദ്ധതി, ഡയറ്റ്, സ്കോളർഷിപ്പ് പദ്ധതികൾ എന്നിവയ്ക്ക് കേന്ദ്ര സർക്കാർ അനുവദിച്ച തുക, ചെലവഴിച്ച തുക എന്നിവ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.** |

**1. സ്കൂൾ ഉച്ചഭക്ഷണ പദ്ധതി**

| സാമ്പത്തിക വർഷം | കേന്ദ്ര സർക്കാർ അനുവദിച്ച തുക | ചെലവഴിച്ച തുക |
|---|---|---|
| 2021-22 | 317.7233 കോടി | 317.7233 കോടി |
| 2022-23 | 292.537 കോടി | 260.1941 കോടി |
| 2023-24 | 178.6743 കോടി (2023 ഡിസംബർ വരെ) | 108.3354 കോടി |

**2. DIET ( ജില്ല വിദ്യാഭ്യാസ പരിശീലന കേന്ദ്രം)**

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 2021-22. 2022-23 വർഷങ്ങളിലായി 29.09 കോടി രൂപ ഡയറ്റുകളുടെ പ്രവർത്തനങ്ങൾക്കായി കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്. ആയതിൽ നിന്നും 26.03 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ജില്ലാ വിദ്യാഭ്യാസ പരിശീലന കേന്ദ്രങ്ങളിലെ (ഡയറ്റ്) ജീവനക്കാരുടെ ശമ്പളം. പ്രോഗ്രാം & ആക്ടിവിറ്റീസ്, മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് മറ്റ് ഓഫീസ് ചെലവുകൾ തുടങ്ങിയവയ്ക്കാണ് തുക ഉപയോഗിക്കാറുള്ളത്.

**3. സ്കോളർഷിപ്പ് പദ്ധതികൾ**

**നൂറ് ശതമാനം ഫണ്ട് കേന്ദ്ര സർക്കാരിൽ നിന്ന് ലഭിക്കുന്ന കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പ് പദ്ധതികളായ National Means Cum Merit Scholarship, Pre-metric Scholarship for students with Disabilities, Pre-metric Scholarship scheme for Minorities, Begum Hazrat Mahal National**

**Scholarship എന്നിവയിലെല്ലാം സ്കോളർഷിപ്പ് തുക നേരിട്ട് കുട്ടികളുടെ അക്കൗണ്ടുകളിലേക്കാണ് നൽകിക്കൊണ്ടിരിക്കുന്നത്.**

**കേരളസംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിയെ സംബന്ധിക്കുന്ന വിവരങ്ങൾ ചുവടെ ചേർക്കുന്നു**

**<u>ന്യൂ ഇന്ത്യ ലിറ്ററസി പ്രോഗ്രാം</u>**

കേരളസംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി മുഖേന നടപ്പിലാക്കിവരുന്ന കേന്ദ്രാവിഷ്കൃത സാക്ഷരതാ പദ്ധതിയാണ് 'ന്യൂ ഇന്ത്യ ലിറ്ററസി പ്രോഗ്രാം'. 5 വർഷമാണ് പദ്ധതിയുടെ കാലയളവ്.

ടി പദ്ധതിയുടെ ആദ്യവർഷ പ്രവർത്തന ങ്ങൾ (2022-23) നടപ്പിലാക്കുന്നതിനായി കേന്ദ്രവിഹിതമായി 89,92,000/- രൂപയും സംസ്ഥാന വിഹിതമായി 59,94,667/- രൂപയും ഉൾപ്പെടെ ആകെ 1,49,86,667/- രൂപ പദ്ധതിവിഹിതമായി സാക്ഷരതാമിഷന് അനുവദിച്ചു. പദ്ധതിവിഹിതത്തിൽനിന്നും 2022-23 കാലയളവിൽ 34,75,254/- രൂപയും 2023-24 കാലയളവിൽ 90,69,113/- രൂപയും ഉൾപ്പെടെ ആകെ 1,25,44,367/- രൂപ ചെലവഴിച്ചിട്ടുണ്ട്.

എല്ലാ ജില്ലകളിലേയും തെരഞ്ഞെടുക്കപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും നിരക്ഷരരായി അവശേഷിക്കുന്ന 15 വയസ്സിനു മുകളിലുള്ള സ്ത്രീകൾ, പെൺകുട്ടികൾ, പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങൾ, മറ്റ് ഇതര പിന്നാക്ക വിഭാഗങ്ങൾ, ന്യൂനപക്ഷ വിഭാഗങ്ങൾ, ഭിന്നശേഷിക്കാർ, ട്രാൻസ്ജൻഡർ - ക്വീയർ വിഭാഗങ്ങൾ, നിർമാണ തൊഴിലാളികൾ, ചേരി/തീരദേശ നിവാസികൾ എന്നിവരാണ് ഈ പദ്ധതിയുടെ പ്രധാന ഗുണഭോക്താക്കൾ.

**<u>സമഗ്രശിക്ഷാ കേരള</u>**

സമഗ്രശിക്ഷാ കേരള, സ്റ്റാർസ് എന്നിവയെ സംബന്ധിക്കുന്ന വിവങ്ങൾ ചുവടെ ചേർക്കുവന്നു.

| വർഷം | കേന്ദ്രം അനുവദിച്ച തുക (ലക്ഷത്തിൽ) | ചെലവഴിച്ച തുക |
|---|---|---|
| 2021-22 | 22512.79 | ലഭിച്ച കേന്ദ്ര വിഹിതത്തിനൊപ്പം സംസ്ഥാന വിഹിതം ഉൾപ്പെടെ മുഴുവൻ തുകയും സമഗ്ര ശിക്ഷാ കേരളം ചെലവഴിച്ചിട്ടുണ്ട് |
| 2022-23 | 17815.99 | |

2023-24 സാമ്പത്തിക വർഷത്തിലെ 14105.56 ലക്ഷം രൂപയിൽ 1-ാം ഗഡുവായ 7052.87 ലക്ഷം രൂപയാണ് സമഗ്രശിക്ഷയ്ക്ക് ലഭിച്ചത്. 2-ാം ഗഡുവായ 7052.69 ലക്ഷം രൂപ അനുവദിച്ച് സക്കാർ ഉത്തരവായിട്ടുണ്ട്.

**<u>പ്രോഗ്രാമുകൾ</u>**

സൗജന്യപാഠപുസ്തകങ്ങൾ, സൗജന്യ സ്കൂൾ യൂണിഫോം. ബേസിക് ഇൻഫ്രാസ്ട്രക്ചർ, ടോയിലറ്റുകൾ, റാമ്പുകൾ മുതലായവ, സ്പെഷ്യലിസ്റ്റ് അധ്യാപകർ, സ്പെഷ്യൽ എഡ്യൂക്കേറ്റർമാർ തുടങ്ങിയവരുടെ ശമ്പളം.

**സ്റ്റാർസ്**

| വർഷം | കേന്ദ്രം അനുവദിച്ച തുക (ലക്ഷത്തിൽ) | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|
| 2021-22 | 5722.88 | 2854.00 |
| 2022-23 | 6421.72 | 16495.00 |
| 2023-24 | 4516.77 | 5276.45 |

കേന്ദ്രവിഹിതവും അതിനോടൊപ്പം ലഭിച്ച സംസ്ഥാന വിഹിതവും ചേർത്തുള്ള ആകെ തുക യിൽ നിന്നുമാണ് ആകെ ചെലവുകൾ നിർവ്വഹിച്ചിട്ടുള്ളത്.

**പ്രോഗ്രാമുകൾ**

വർണ്ണക്കൂടാരം, പഠിപ്പുറസി, സ്കഫോൾഡ്, കരിയർ ഗൈഡൻസ്, അദ്ധ്യാപക പരിശീലനം, പഠനോത്സവം, ബീച്ച് ടു ബെഞ്ച് തുടങ്ങിയവ

സെക്ഷൻ ഓഫീസർ